# അർക്കദിയാക്കോന്മാർ മുതൽ പൗരസ്ത്യ കാതോലിക്കാവരെ

- ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ്



1953 ൽ കോട്ടയത്തു നടന്ന മെത്രാൻ സ്ഥാനാഭിഷേകം

മലങ്കരയിലെ മെത്രാൻസ്ഥാനാഭിഷേക ചരിത്രം കേരളത്തിന്റെ ചരിത്രത്തിന്റെ നേർസാക്ഷ്യമാണ്. ക്രിസ്തുശിഷ്യനായ മാർത്തോമ്മാ ശ്ലീഹാ എഡി 52ൽ ഭാരതത്തിലെത്തിയതോടെയാണു മലങ്കര സഭയുടെ തുടക്കം. മാർത്തോമ്മാ ശ്ലീഹാ മലങ്കരയിൽ വാഴിച്ച വൈദികരുടെ പരമ്പര നാലാം ശതകത്തിന്റെ ആരംഭം വരെ ശക്തമായി നിലനിന്നു. എ ഡി 345ൽ ക്നായി തൊമ്മനോടൊപ്പം ഉറഹായിലെ മാർ ജോസഫ് എപ്പിസ്കോപ്പ കേരളത്തിലെത്തിയതോടെ മലങ്കര സഭയും സെലൂഷ്യായിലെ കാതോലിക്കേറ്റുമായുള്ള ബന്ധം ആരംഭിച്ചു.

നാലാം നൂറ്റാണ്ടുമുതൽ 16-ാം നൂറ്റാണ്ടുവരെ സെലൂഷ്യായിലെ കാതോലിക്കാമാർ വാഴിച്ചയയ്ക്കുന്ന മെത്രാന്മാരായിരുന്നു മലങ്കര സഭയ്ക്ക് ആത്മീയ മേൽനോട്ടം നൽകിവന്നിരുന്നത്. ഇവർ എപ്പോഴും പേർഷ്യൻ വംശജരായ പൗരസ്ത്യ സുറിയാനി സഭാംഗങ്ങളായിരുന്നു. ഇതേസമയം പകലോമറ്റം കുടുംബത്തിൽനിന്നു പരമ്പരയാ വാഴിക്കപ്പെടുന്ന അർക്കദിയാക്കോന്മാരായിരുന്നു മലങ്കര സഭയുടെ ആത്മീയവും ലൗകികവുമായ ഭരണം യഥാർഥത്തിൽ നിർവഹിച്ചുവന്നത്. മലങ്കരയിലെ തദ്ദേശീയരായ ''ജാതിക്കു കർത്തവ്യൻ എന്നു സ്ഥാനപ്പേരോടുകൂടിയ 'അർക്കദിയാക്കോൻമാർ കൽദായ പാരമ്പര്യപ്രകാരമുള്ള വൈദികരിലെ പരമോന്നതസ്ഥാനിയാണ്. ഈ സ്വാതന്ത്ര്യവും ഭരണക്രമവും പോർട്ടുഗീസ് അധിനിവേശം വരെ അഭംഗുരം തുടർന്നു.

1599ലെ ഉദയംപേരൂർ സൂനഹദോസിലൂടെ റോമൻ സഭയുടെ ആധിപത്യം മലങ്കരയിൽ അടിച്ചേൽപ്പിക്കപ്പെട്ടു. 1653 ജനുവരി മൂന്നിലെ കൂനൻകുരിശുസത്യത്തിലൂടെ മലങ്കര സഭ സ്വാതന്ത്ര്യം വീണ്ടെടുത്തു. അന്നു ഭരിച്ചിരുന്ന പകലോമറ്റം തോമ്മാ അർക്കദിയാക്കോനെ ഇടപ്പള്ളി പള്ളിയിൽവച്ചു തങ്ങളുടെ വേദതലവനായി തിരഞ്ഞെടുക്കുകയും ആലങ്ങാട് പള്ളിയിൽവച്ച് 1653 ജൂൺ ഒന്നിനു 12 വൈദികർ ചേർന്നു 'മാർത്തോമ്മാ എന്ന പേരിൽ എപ്പിസ്കോപ്പയായി വാഴിക്കുകയുംചെയ്തു. ജറുസലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രിഗോറിയോസ് അബ്ദുൽ ജലീദ് 1665ൽ മലങ്കരയിൽ വരികയും ഒന്നാം മാർത്തോമ്മാ മെത്രാന്റെ മേൽപ്പട്ടസ്ഥാനം ക്രമപ്പെടുത്തുകയുംചെയ്തു. ഇതോടെയാണ് മലങ്കര–അന്ത്യോക്യൻ ബന്ധത്തിന്റെ ആരംഭം. മാർത്തോമ്മാ ഒന്നാമനാണു മലങ്കര സഭയുടെ ചരിത്രത്തിലെ അറിയപ്പെടുന്ന പ്രഥമ തദ്ദേശീയ മെത്രാൻ.

അർക്കദിയാക്കോന് ഉണ്ടായിരുന്നതിനെക്കാൾ ഒരു പടികൂടി ഉയർന്ന സ്ഥാനവും അധികാരവും മാർത്തോമ്മാ മെത്രാനുണ്ടായി. അതുവരെ മലങ്കര നസ്രാണികളുടെ ആത്മീയ, സാമൂഹിക, രാഷ്ട്രീയ നേതൃത്വം ഉണ്ടായിരുന്ന അർക്കദിയാക്കോനു പട്ടക്കാരെ വാഴിക്കുക തുടങ്ങിയ വൈദിക കാര്യങ്ങളിൽ പേർഷ്യൻ മെത്രാനെ ആശ്രയിക്കേണ്ടിയിരുന്നു. എന്നാൽ ഒന്നാം മാർത്തോമ്മാ മെത്രാൻ വാഴ്ചയേറ്റതോടെ ഈ പരാധീനതയ്ക്കു പരിഹാരമുണ്ടായി. ഇതു മലങ്കരസഭാചരിത്രത്തിലെ ഒരു പുതിയ കാലഘട്ടത്തിന്റെ ആരംഭവും സഭയുടെ വളർച്ചയിൽ ശക്തമായ ഒരു കുതിപ്പുമായിരുന്നു.

ഇദ്ദേഹത്തെ തുടർന്നു വന്ന നാലു മാർ ത്തോമ്മാ മെത്രാന്മാരും മുൻഗാമികളിൽനിന്നോ അന്നു നാട്ടിലുണ്ടായിരുന്ന സുറിയാനി മേൽപ്പട്ടക്കാരിൽനിന്നോ ആണ് മെത്രാൻസ്ഥാനമേറ്റിരുന്നത്. സഭാ സ്ഥാപകനായ മാർത്തോമ്മാ ശ്ലീഹായുടെ സ്മരണയിൽ ‘മാർത്തോമ്മാ എന്നായിരുന്നു എല്ലാ മലങ്കര മെത്രാന്മാരുടെയും സ്ഥാനനാമം. 1761ൽ മെത്രാനായ മാർത്തോമ്മാ ആറാമൻ 1765ൽ മലങ്കര സഭയുടെ ഭരണമേൽക്കുകയും 1770ൽ ‘മാർ ദിവന്നാസിയോസ് എന്ന നാമം സ്വീകരിച്ചുകൊണ്ട് സ്ഥാനാരോഹണം ചെയ്യപ്പെടുകയും ചെയ്തു. എന്നാൽ തുടർന്നുള്ള മൂന്നു മലങ്കര മെത്രാന്മാരും ‘മാർത്തോമ്മാ നാമധാരികളായിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ 1815ൽ സ്ഥാനമേറ്റതോടെ പകലോമറ്റം കുടുംബത്തിന്റെ പാരമ്പര്യവാഴ്ച അവസാനിച്ചു.

19–ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ പകലോമറ്റം മെത്രാന്മാർ ദുർബലരായി. ഈ സാഹചര്യത്തിൽ മലങ്കര പള്ളിയോഗം പകലോമറ്റം കുടുംബവാഴ്ച അവസാനിപ്പിക്കുകയും പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാനെ ‘മാർ ദിവന്നാസിയോസ് എന്ന പേരിൽ മലങ്കര മെത്രാപ്പൊലീത്തയായി വാഴിക്കുകയുംചെയ്തു. തൊഴിയൂർ ഇടവകയുടെ കിടങ്ങൻ ഗീവർഗീസ് മാർ പീലക്സിനോസ് രണ്ടാമനാണ് ഇദ്ദേഹത്തെ വാഴിച്ചത്. 1934വരെ മലങ്കര പള്ളിയോഗം തിരഞ്ഞടുക്കുന്ന ‘മാർ ദിവന്നാസിയോസ് എന്നു സ്ഥാനനാമമുള്ള മലങ്കര മെത്രാപ്പൊലീത്തമാരാണു ‘പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢരായിരുന്നു മലങ്കര സഭയെ ഭരിച്ചുവന്നത്. ഇതു മലങ്കര സഭയുടെ എപ്പിസ്കോപ്പസിയുടെ പരിണാമത്തിന്റെ അടുത്തഘട്ടമാണ്. തിരുവിതാംകൂർ, കൊച്ചി സർക്കാരുകളുടെ രാജകീയ വിളംബരത്തിന്റെ പിൻബലവും മലങ്കര മെത്രാപ്പൊലീത്തയ്ക്കുണ്ടായിരുന്നു.

1876ലെ മുളന്തുരുത്തി സൂനഹദോസ് ആകുമ്പോഴേക്കും അതിവിശാലമായ അധികാരങ്ങളുള്ള സ്ഥാനിയും ഉറപ്പുള്ള ഭരണസംവിധാനത്തിന്റെ കേന്ദ്രബിന്ദുവുമായിരുന്നു മലങ്കര മെത്രാപ്പൊലീത്ത.പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമനായിരുന്നു അന്നത്തെ മലങ്കര മെത്രാപ്പൊലീത്ത. 1875ൽ മലങ്കരയിൽ വന്ന അന്ത്യോക്യയുടെ പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കര സഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിക്കുകയും ആറു പുതിയ മേൽപ്പട്ടക്കാരെ വാഴിക്കുകയും ചെയ്തു. പുതിയ മെത്രാപ്പൊലീത്തമാർ മലങ്കര മെത്രാപ്പൊലീത്തയെ തങ്ങളുടെ തലവനായി അംഗീകരിച്ചു. പുതുതായി ‘മെത്രാസനം (ഭദ്രാസനം), ‘ഇടവക മെത്രാപ്പൊലീത്ത എന്നീ ഭരണ സംവിധാനങ്ങൾ നിലവിൽവന്നു. ഇക്കാലത്തിനുശേഷം എല്ലാ മേൽപ്പട്ടക്കാരും മലങ്കര സഭയുടെ പൂർവിക പാരമ്പര്യപ്രകാരം ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ടാണു സ്ഥാനമേൽക്കുന്നത്.

1912 സെപ്റ്റംബർ 15നു ‘മാർ ബസേലിയോസ് എന്ന സ്ഥാനനാമത്തോടെ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചു. ഇതോടെ മലങ്കരയുടെ ആത്മീയ അധികാരം പൗരസ്ത്യ കാതോലിക്കായിൽ നിക്ഷിപ്തമായി. 1934ലെ മലങ്കര സഭാ ഭരണഘടന പൗരസ്ത്യ കാതോലിക്കാ–മലങ്കര മെത്രാപ്പൊലീത്ത സ്ഥാനങ്ങൾ സംയോജിപ്പിച്ചതോടെ ആത്മീയവും ലൗകികവുമായ അധികാരം പൗരസ്ത്യ കാതോലിക്കാ–മലങ്കര മെത്രാപ്പൊലീത്തയിൽ കേന്ദ്രീകരിച്ചു. 1975ൽ

കാതോലിക്കാമാരുടെ മാർ ബസേലിയോസ് എന്ന സ്ഥാനനാമത്തോടുകൂടി മലങ്കര മെത്രാപ്പൊലീത്തമാരുടെ പൂർവിക സ്ഥാനനാമമായ 'മാർത്തോമ്മാ കൂടി കൂട്ടിച്ചേർത്തു പൂർണമാക്കി. 'പരിശുദ്ധ മാർ ത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പൊലീത്തയും എന്നാണു മലങ്കര സഭാ തലവന്റെ സ്ഥാനനാമം. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ അധ്യക്ഷസ്ഥാനവും അദ്ദേഹത്തിൽ നിക്ഷിപ്തമാണ്

Source: Manoramaonline




http://www.pallibhagamyouth.com